**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4051** **09-08-2021 - ൽ മറുപടിയ്ക്ക്**

**ആശാൻ കലുങ്ക് പ്രദേശം അപകടരഹിതമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ കെ.പി. റോഡിന്റെ ഭാഗമായ ആശാൻ കലുങ്ക് പ്രദേശത്ത് സ്ഥിരമായി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രദേശം അപകടരഹിതമാക്കുന്നതിന് നിരത്ത് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കായംകുളം - പത്തനാപുരം റോഡിൽ ബി.സി ഓവർലെ ചെയ്ത് സഞ്ചാരയോഗ്യമാക്കി പ്രസ്തുത ഭാഗത്ത് സൂചനാ ബോർഡുകളും, സ്റ്റഡുകളും, റംബിൾ സ്ട്രിപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ ഭാഗത്ത് അപകടം കൂടുതൽ നടക്കുന്നതിനാൽ റോഡ് വീതി കൂട്ടുക, ഇരുവശങ്ങളും ഇൻറർലോക്ക് ചെയ്യുക, സൈഡ് കെട്ടുക അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പ്രദേശത്ത് ആവശ്യമായ സൈൻ ബോർഡുകളും സ്പീഡ് ബ്രേക്കറുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | കായംകുളം - പത്തനാപുരം റോഡിൽ ബി.സി ഓവർലെ ചെയ്ത് സഞ്ചാരയോഗ്യമാക്കി പ്രസ്തുത ഭാഗത്ത് സൂചനാ ബോർഡുകളും, സ്റ്റഡുകളും, റംബിൾ സ്ട്രിപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ ഭാഗത്ത് അപകടം കൂടുതൽ നടക്കുന്നതിനാൽ റോഡ് വീതി കൂട്ടുക, ഇരുവശങ്ങളും ഇൻറർലോക്ക് ചെയ്യുക, സൈഡ് കെട്ടുക അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പ്രദേശത്ത് സർവ്വേ നടപടികൾ സ്വീകരിക്കുന്നതിനും അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്ന പരസ്യബോർഡുകൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ടി ഭാഗം അളന്നു തിട്ടപ്പെടുത്തുന്നതിനായി ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്ന പരസ്യ ബോർഡ് നീക്കം ചെയ്യുന്നതിനായി പാലമേൽ പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ